(ബി) പീരുമേട് താലൂക്കിൽ പുതുതായി 4 മൊത്ത വിതരണ ഏജൻസികൾക്കുവേണ്ടി 24-11-1985-ൽ അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇപ്രകാരം കിട്ടിയ അപേക്ഷകൾ പരിശോധിച്ചു കൊണ്ടിരിക്കുന്നു.

(സി) കാരണം (എ) ഭാഗത്തിന്റെ മറുപടിയിൽ കാണിച്ചിട്ടുണ്ട്.

കാലവർഷക്കെടുതിയിൽ പീരുമേട്ടിൽ കൃഷി നശിച്ചവർക്ക് നൽകിയ സഹായം

136. [189] ശ്രീ. കെ. കെ തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂണിലെ കാലവർഷക്കെടുതിയിൽ കൃഷി നശിച്ചവർക്ക് പീരുമേട് താലൂക്കിൽ എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി കർഷകർക്ക് എന്തെങ്കിലും സഹായം നൽകുവാനുള്ളതായി അറിയാമോ ;

(സി) ഉണ്ടെങ്കിൽ അവ ഉടനെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 11.05 ലക്ഷം രൂപ.

(ബി) ഉപ്പുതറ കൃഷി വികസന യൂണിറ്റിൽ 1,00,294 രൂപാ കൊടുക്കാനുള്ളതായി അറിയാം.

(സി) നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

ഇടുക്കി ജില്ലയിലെ കുരുമുളക് കൃഷി നശിച്ചവർക്ക് സർക്കാർ നൽകിയ സഹായം

137. [190] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം ഇടുക്കി ജില്ലയിലെ കുരുമുളക് കൃഷി നശിച്ചവർക്ക് സർക്കാർ നൽകിയ സഹായം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കുരുമുളക് കൃഷി നശിച്ച കർഷകർക്ക് വേണ്ടി എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ചുവടൊന്നിന് ഏഴു രൂപാ ക്രമത്തിൽ 5,63,000 രൂപാ സഹായധനമായി വിതരണം ചെയ്തു.

(ബി) കുരുമുളകു തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് 5 - കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

പീരുമേട് അഗ്രികൾച്ചറൽ സബ് ഡിവിഷൻ ഓഫീസ്

138. [191] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് അഗ്രികൾച്ചറൽ സബ് ഡിവിഷൻ ഓഫീസ് കെട്ടിടം പണിയുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൽകാലം ഉദ്ദേശമില്ല.

വാഴകൃഷിക്കുണ്ടായ നാശം

139 [192] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20-2-1986 വ്യാഴാഴ്ച വൈകുന്നേരം ഉണ്ടായ ശക്തിയായ കാറിലും മഴയിലും നെയ്യാറിൻകര താലൂക്കിൽ പെരുങ്കടവിള പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അയ്യായിരത്തോളം വാഴകൾ നശിച്ചുപോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഷ്ടം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര രൂപയാണ് നഷ്ടം എന്നും വ്യക്തമാക്കുമോ ;

(സി) എത്ര ശതമാനം നഷ്ടപരിഹാരം കൊടുക്കുമെന്നും അത് എത്ര കാലത്തിനകം കൊടുക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1.50 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്.

(സി) കുലച്ചവാഴ ഒന്നിന് 12.50 രൂപാ നിരക്കിലും കുലയ്ക്കാത്ത വാഴ ഒന്നിന് 7.50 രൂപ നിരക്കിലും സഹായം നൽകുന്നതാണ്. ഇതിനാവശ്യമായ തുക അനുവദിച്ചു കഴിഞ്ഞു. ഉടനെതന്നെ അത് വിതരണം ചെയ്യുന്നതാണ്.

ഫാം വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളുമായി ഉണ്ടാക്കിയ ഒത്തു തീർപ്പ്

140 [193] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാം വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളുമായി 1984 ഡിസംബറിൽ ഉണ്ടാക്കിയ ഒത്തു തീർപ്പു വ്യവസ്ഥയനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു ?

ഉത്തരം

(എ) 1984 ഡിസംബറിൽ ഫാം വർക്കേഴ്സ് ഫെഡറേഷനുമായി സർക്കാർ ഒത്തുതീർപ്പൊന്നും ഉണ്ടാക്കിയിട്ടില്ല. എന്നാൽ 28-6-1983-ൽ കൃഷി വകുപ്പു മന്ത്രി, വിവിധ തൊഴിലാളി സംഘടനാ നേതാക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെയും കാർഷിക സർവ്വകലാശാലയുടെയും കീഴിലുള്ള ഫാമുകളിലെ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും, അതിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ 20-12-1983-ൽ ഒരു സേവന വേതന പരിഷ്കരണ കമ്മിറ്റി രൂപീകരിക്കുകയും ഉണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly